26-10-2010-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചശേഷം മാത്രമാണ് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചത്. അതിനുശേഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ 15-11-2010-ൽ യോഗം കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും 2009 ഷെഡ്യൂൾ നിരക്കിലെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 19% അധിക നിരക്കിൽ ദർഘാസ് അംഗീകരിക്കുകയും ചെയ്തു. ഈ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ കരാറുകാരൻ വിസമ്മതിച്ചതിനെതുടർന്ന് 24.39% അധിക നിരക്കിൽ ടിയാന്റെ ദർഘാസിന് അംഗീകാരം നൽകണമെന്ന് ചീഫ് എഞ്ചിനീയർ നൽകിയ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്മേൽ ഉചിതമായ തീരുമാനം താമസിയാതെ കൈക്കൊണ്ട് അനുവദനീയമായ നിരക്ക് അംഗീകരിച്ചു നൽകുന്നതാണ്.

പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പദ്ധതികൾ

202(410) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പദ്ധതികൾ നടക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ വാർഫിന്റെ നീളം കൂട്ടാത്തതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തികൾ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടുകൂടി ചെയ്യുന്നതിനായി 280 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയായുടെ അഭിവൃദ്ധിപ്പെടുത്തൽ, ജലവിതരണ സംവിധാനം അഭിവൃദ്ധിപ്പെടുത്തൽ, വൈദ്യുതീകരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 മീറ്റർ പൊക്കത്തിലുള്ള 3 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, ഡ്രെയിനേജ് സൗകര്യം അഭിവൃദ്ധിപ്പെടുത്തൽ എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വാർഫിന്റെ നീളം കൂട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി 150 മീറ്റർ നീളത്തിൽ വാർഫ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly